روضة الخطباء

റൗദതുൽ ഖുതബാഅ്, ഖുതുബ നോട്ട്

sufaraulislam.com

## സ്വാലിഹീങ്ങളാവുക

10/12/2021

بسم الله الرحمن الرحيم

സ്വാലിഹീങ്ങൾ എന്നെ ഉൾപ്പെടുത്തണേ സ്വാലിഹായ കർമ്മങ്ങൾ ചെയ്യാൻ തൗഫീഖ് തരണേ എന്നെല്ലാം വിശ്വാസികളായ നമ്മളെല്ലാം പ്രാർത്ഥിക്കാറുണ്ട്.

മുഅ്മിനീങ്ങളായ നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്തതും ഏറെ അറിഞ്ഞിരിക്കേണ്ടതുമായ പദമാണ് സ്വാലിഹ് എന്നത്

എന്തുകൊണ്ട് നമ്മളെല്ലാവരും സ്വാലിഹീങ്ങൾ ആവണം?

**ഒന്ന് : പ്രവാചകന്മാർ സ്വാലിഹീങ്ങൾ**

പ്രവാചകൻമാരെ അല്ലാഹു പരിചയപ്പെടുത്തുന്നത് അവരെല്ലാം സ്വാലിഹീങ്ങൾ ആയിരുന്നു എന്നാണ്.

1. ഇബ്റാഹീം നബി (അ )

وَلَقَدِ اصطَفَينَاهُ فِي الدُّنيَا وَإِنَّهُ فِي الآخِرَةِ لَمِنَ الصَّالِحِينَ"( ٢:١٣٠)

2. ഇസ്ഹാഖ്(അ)

وَبَشَّرنَاهُ بِإِسحَاقَ نَبِيًّا مِنَ الصَّالِحِينَ"  [الصافات ١١٢]

3. ലൂത്വ് (അ)

وَأَدخَلنَاهُ فِي رَحمَتِنَا إِنَّهُ مِنَ الصَّالِحِينَ" (الأنبياء ٧٥)

4. ഈസാ(അ)

"وَيُكَلِّمُ النَّاسَ فِي المَهدِ وَكَهلاً وَمِنَ الصَّالِحِينَ" [آل عمران ٤٦]

5. നാല് പ്രവാചകൻമാരെ ഒരു ആയത്തിൽ പ്രതി പ്രതിപാദിച്ചത്

وَزَكَرِيَّا وَيَحيَى وَعِيسَى وَإِليَاسَ كُلٌّ مِنَ الصَّالِحِينَ" ( الأنعام ٨٥)

6. മൂന്ന് പ്രവാചന്മാരെ കുറിച്ച് മറ്റൊരു ആയത്തിൽ

وَإِسْمَاعِيلَ وَإِدْرِيسَ وَذَا الْكِفْلِ كُلٌّ مِنَ الصَّابِرِينَ  وَأَدْخَلْنَاهُمْ فِي رَحْمَتِنَا إِنَّهُمْ مِنَ الصَّالِحِينَ [الأنبياء: ٨٥، ٨٦]

7. യൂനുസ് നബിയെ കുറിച്ച്.

وَقَالَ عَن يُونُسَ - عَلَيهِ السَّلامُ -: "فَاجتَبَاهُ رَبُّهُ فَجَعَلَهُ مِنَ الصَّالِحِينَ" [القلم ٥٠]

പ്രവാചകന്മാർ എല്ലാവരും സ്വാലിഹീങ്ങൾ ആയിരുന്നെങ്കിൽ അവരെ പിന്തുടരുന്ന നമ്മളും സ്വാലിഹീങ്ങൾ  ആവേണ്ടതില്ലേ?

**എന്താണ് സ്വാലിഹ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്?**

- തന്റെ മേൽ നിർബന്ധമായ എല്ലാ കാര്യങ്ങളും  നിറവേറ്റി നേരെ ചൊവ്വേയുള്ള മാർഗത്തിൽ നിലകൊള്ളുന്ന വ്യക്തിക്കാണ് ഭാഷാപരമായി സ്വാലിഹ് എന്ന് പറയുക
- എന്നാൽ മതപരമായി പറയുമ്പോൾ സ്വാലിഹീങ്ങൾ എന്നാൽ അല്ലാഹുവുമായുള്ള ബന്ധത്തെ പവിത്രമാക്കുകയും അവന്റെ കല്പനകളെ പാലിക്കുകയും വിരോധങ്ങളിൽ നിന്ന് വിട്ടുനിൽക്കുകയും ചെയ്യുന്ന ആളുകളാണ് അവർ അവരാണ് അല്ലാഹുവിന്റെ വലിയ്യ് എന്ന പദവിയിലേക്കും എത്തുന്നത്.

**രണ്ട് : സ്വാലിഹുകളാവാൻ പ്രാർത്ഥിക്കുക**

- പ്രവാചകന്മാർ സ്വാലിഹീങ്ങൾ ആയിരുന്നിട്ടും അവർ അല്ലാഹുവിനോട് സ്വാലിഹ് ആവാൻ വേണ്ടി പ്രാർത്ഥിക്കുന്നു.
- **യൂസഫ് നബിയുടെ പ്രാർത്ഥിക്കുന്നത് നോക്കൂ:**

تَوَفَّنِي مُسلِمًا وَأَلحِقْنِي بِالصَّالِحِينَ [يوسف: ١٠١].

- **സുലൈമാൻ നബിയുടെ പ്രാർത്ഥന**

رَبِّ أَوْزِعْنِي أَنْ أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَىٰ وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ الصَّالِحِينَ [النمل -١٩]

**മൂന്ന്: കർമ്മങ്ങൾ സ്വാലിഹുകളാവണം**

നാം നിർവഹിക്കുന്ന കർമ്മങ്ങളെ കുറിച്ച് അവ സ്വാലിഹാവണം എന്നാണ് അല്ലാഹു പറയുന്നത്.

فَمَنْ كَانَ يَرْجُو لِقَاءَ رَبِّهِ فَلْيَعْمَلْ عَمَلًا صَالِحًا وَلَا يُشْرِكْ بِعِبَادَةِ رَبِّهِ أَحَدًا [الكهف: ١١٠].

- അല്ലാഹുവിനെ കണ്ടുമുട്ടാൻ ആഗ്രഹിക്കുന്നവർക്ക് അവൻ വെച്ച നിബന്ധനകളിൽ ഒന്ന്, അവർ ചെയ്യുന്ന കർമ്മങ്ങൾ  സ്വാലിഹാവണം എന്നതാണ്.
- ഇമാം സഅദി (റ) പറയുന്നു: ഇതു കൊണ്ട് ഉദ്ദേശിക്കുന്നത് നിർബന്ധമായും ഐച്ഛികമായും നമ്മൾ നിർവഹിക്കുന്ന കർമ്മങ്ങൾ അല്ലാഹുവിന്റെ ദീനിന്നോട് പൂർണ്ണമായും യോ ജിച്ച രൂപത്തിലാവണം.
- നാം ചെയ്യുന്ന കർമ്മങ്ങൾ പ്രമാണങ്ങളുടെ പിൻബലമുള്ളതാണെന്ന് ഉറപ്പ് വരുത്തണം.

**ബിദ്അത്തുകൾ സ്വാലിഹാവുകയില്ല.**

ഇനി പറയുന്ന ആയത്തുകളിലൂടെ നമുക്ക് കൂടുതൽ ബോധ്യമാവും:

وَالْعَصْرِ إِنَّ الْإِنْسَانَ لَفِي خُسْرٍ إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ وَتَوَاصَوْا بِالْحَقِّ وَتَوَاصَوْا بِالصَّبْرِ [العصر: ١ - ٣].

**സ്വാലിഹായ ഒരു വ്യക്തിക്കുള്ള നേട്ടങ്ങൾ എന്തെല്ലാം?**

1. **അവരെ അല്ലാഹു ഏറ്റെടുക്കും.**

إِنَّ وَلِيِّيَ اللَّهُ الَّذِي نَزَّلَ الْكِتَابَ وَهُوَ يَتَوَلَّى الصَّالِحِينَ [الأعراف: ١٩٦)

- ജീവിത പ്രാരാബ്ധങ്ങളിലും പ്രതിസന്ധികളിലും നാം അവനോട് ചോദിച്ചാൽ അവൻ നമ്മെ കൈ വെടില്ല.
- നമ്മുടെ കഴിവും പരിധിയും അവസാനിക്കുന്നടത്ത് അവന്റെ സഹായം നമുക്കനുഭവിക്കാൻ കഴിയും. മൂസാ നബിക്ക് കടൽ പിളർത്തിയ, ഇബ്റാഹിം നബിക്ക് തീ തണുപ്പിച്ച് നൽകിയ അല്ലാഹുവിന് നമ്മുടെ കൊച്ചു കൊച്ചു പ്രതിസന്ധികൾക്ക് പരിഹാരം തരാൻ ഒരുപ്രയാസവുമില്ല.

2. **സ്വാലിഹീങ്ങൾക്കാണ് അല്ലാഹു സ്വർഗീയ അനുഗ്രഹങ്ങൾ നൽകുന്നത്**

وَلَقَد كَتَبنَا فِي الزَّبُورِ مِن بَعدِ الذِّكرِ أَنَّ الأَرضَ يَرِثُهَا عِبَادِيَ الصَّالِحُونَ ﴾ [الأنبياء: ١٠٥]
﴿أَنَّ الْأَرْضَ﴾ أي: أرض الجنة

- ഇവിടെ الْأَرْضَ എന്നതുകൊണ്ട് ഉദ്ദേശിച്ചത് സ്വർഗത്തിലാണ് എന്നാണ് മുഫസ്സിറുകൾ പറഞ്ഞത്

3. **നാം അറിയാതെ ദിനേന അഞ്ചു നേരവും ജനകോടികളുടെ പ്രാർത്ഥന നമ്മുക്ക് ലഭിച്ചു കൊണ്ടിരിക്കുന്നു :**

- അത്തഹിയ്യാത്തിൽ വിശ്വാസികൾ ഇപ്രകാരം പ്രാർത്ഥിക്കാറില്ലേ

السَّلامُ عَلَينا وَعَلَى عِبَادِ اللهِ الصَّالِحِينَ؛

- ഞങ്ങളുടെ മേലും സ്വലിഹീങ്ങളായ അടിമകളുടെ മേലും സമാധനം ഉണ്ടാവട്ടെ

فَإِنَّهُ إِذَا قَالَ ذَلِكَ أَصَابَ كُلَّ عَبدٍ صَالِحٍ فِي السَّمَاءِ والأَرضِ" الحَدِيثَ رَوَاهُ البُخَارِيُّ وَمُسلِمٌ.

- ഇപ്രകാരം ഒരാൾ പറഞ്ഞാൽ ആകാശഭൂമികളിലുള്ളതെല്ലാം എല്ലാ നല്ല അടിമകൾക്കും അതിന്റെ ഫലം ലഭിക്കും എന്ന് പ്രവാചകൻ പഠിപ്പിച്ചു

4. **മരണവേളയിൽ മലക്കുകൾ സന്തോഷ വാർത്ത കൊണ്ട് സുവിശേഷം അറിയിക്കുക സ്വാലിഹീങ്ങൾക്കായിരിക്കും:**

ﷺ: إن الميت تحضره الملائكة فإذا كان الرجل صالحاً قال: اخرجي أيتها النفس الطيبة كانت في الجسد الطيب، اخرجي حميدة وابشري بروح وريحان ورب غير غضبان، فلا يزال يقال لها ذلك حتى تخرج،

**5. കട്ടിലേറി പോവുന്ന സാലിഹായ മനുഷ്യന്റെ ആത്മാവും സന്തോഷത്തിലാണ്**

إِذَا وُضِعَ الرَّجُلُ الصَّالِحُ عَلَى سَرِيرِهِ قَالَ: قَدِّمُونِي قَدِّمُونِي، وَإِذَا وُضِعَ الرَّجُلُ السُّوءُ عَلَى سَرِيرِهِ قَالَ: يَا وَيلَهُ، أَينَ تَذهَبُونَ بِي؟!".

അബൂസഈദ്(റ) നിവേദനം: നബി (സ) അരുളി: മയ്യിത്ത് കട്ടിലിൽ വെച്ച് പുരുഷന്മാർ അത് ചുമലിലേറ്റി പുറപ്പെട്ടാൽ സുകൃതം ചെയ്ത ഒരാത്മാവിന്റെ മയ്യിത്താണെങ്കിൽ എന്നെയും കൊണ്ട് വേഗം പോവുക എന്ന് അത് വിളിച്ച് പറയും. സുകൃതം ചെയ്തിട്ടില്ലാത്ത ആത്മാവിന്റെ മയ്യിത്താണെങ്കിലോ അഹാ കഷ്ടം! എന്നെ നിങ്ങൾ എവിടേക്കാണ് കൊണ്ടുപോകുന്നത് എന്ന് വിളിച്ച് പറയും. മനുഷ്യനൊഴിച്ച് മറ്റെല്ലാ വസ്തുക്കളും അതു കേൾക്കും. മനുഷ്യൻ അതു കേട്ടാൽ ബോധം കെട്ടുപോകും. (ബുഖാരി.)

---

- ഖുത്ത്ബ നോട്ടുകൾ ലഭിക്കാൻ (+917034743343) എന്ന നമ്പർ സേവ് ചെയ്ത് പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- ഖുത്ത്ബ ഗ്രൂപ്പിൽ ചേരാൻ ഈ ലിങ്ക് ഉപയോഗിക്കുക:
https://chat.whatsapp.com/KRPAkhbXmwCAn5sHVJSfVA
- ഇതു വരെയുള്ള എല്ലാ ഖുത്ത്ബകളും ലഭിക്കാൻ ടെലിഗ്രാം ചാനലിൽ അംഗമാവുക.
https://t.me/joinchat/ScQ൦nQalrhJ൨ZcA_